SJD/3799/2022-D3

211074/2022/FC SJD

I/62264/2022

<u>സാമൂഹ്യനീതി ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരിയുടെ നടപടി ക്രമങ്ങൾ</u>

( ഹാജർ: **സുഭാഷ് കുമാർ കെ വി** )

തിരുവനന്തപുരം,

ഉത്തരവ് നം. SJD/3799/2022-D3 തീയതി. 13-10-2022

---

വിഷയം: സാമൂഹ്യനീതി ഡയറക്ടറേറ്റ് - വിവരാവകാശം 2005 - അപ്പീൽ തീർപ്പ് കൽപ്പിച്ചുത്തരവാകുന്നു.

പരാമർശം :
1. ശ്രീ ജോയി എം ആർ ന്റെ വിവരാവകാശ അപേക്ഷ.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 16/09/2022 ലെ മറുപടി കത്ത്.
3. ശ്രീ ജോയി എം ആർ ന്റെ 20/09/2022 ലെ വിവരാവകാശ അപ്പീൽ അപേക്ഷ.

പരാമർശം (1) പ്രകാരം ലഭ്യമായ ശ്രീ ജോയിയുടെ വിവരാവകാശ അപേക്ഷയിന്മേൽ പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള മറുപടിയിലാണ് പരാമർശം (3) പ്രകാരം അപ്പീൽ ലഭ്യമായിട്ടുള്ളത് .

ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്ന ചുമതലയാണ് സാമൂഹ്യനീതി വകുപ്പിനുള്ളത്. അതാത് വകുപ്പുകൾ ലഭ്യമാക്കുന്ന തസ്തികകളിലാണ് ആവശ്യമായ പരിശോധന നടത്തി ഇക്കാര്യത്തിൽ ഭിന്നശേഷിക്കാർക്ക് അനുയോജ്യമാണോയെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഓരോ പ്രധാന തസ്തികകളിലും - അദ്ധ്യാപകർ / ഇൻസ്ട്രക്ടർ / ട്രെയിനർ / ഡെമോൺസ്ട്രേറ്റർ / ട്യൂട്ടർ / അസിസ്റ്റന്റ് etc. - സമാന സ്വഭാവത്തിലുള്ള എത്ര തസ്തികകൾ കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം നിയമന അധികാരിയ്ക്കാണ് അറിയുവാൻ കഴിയുന്നത്. ആയതിനാലാണ് കമ്പ്യൂട്ടർ സയൻസ് ടീച്ചർ / കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ടീച്ചർ എന്നിവ ഹയർ സെക്കൻഡറി അദ്ധ്യാപകർ (സയൻസ്) വിഭാഗത്തിൽ ഉൾപ്പെടുമോ എന്നതിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിവരം ശേഖരിക്കുന്നതിന് നിർദേശിച്ചത്.

നിലവിൽ ഈ കാര്യലയത്തിൽ ലഭ്യമായ വിവരം അനുസരിച്ചാണ് പരാമർശം (2) മറുപടി നൽകിയിരിക്കുന്നതെന്നതിനാൽ തുടർ നടപടികൾ ഇല്ലായെന്ന് കണ്ട് പരാമർശം (3) അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

SUBASH KUMAR

സാമൂഹ്യനീതി ജോയിന്റ് ഡയറക്ടർ &
**അപ്പീൽ അധികാരി**

Joy M R
Manjilikkattu House, Panangadu P O,
Ernakulam - 682 506